(സി) പ്രസ്തുത പ്രദേശങ്ങളിൽ കടലാക്രമണംമൂലം ജനജീവിതം അപകടത്തിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ചെന്നൈ ഐ.ഐ.ടി.-യിലെ വിദഗ്ദ്ധർ സമർപ്പിച്ച റിപ്പോർട്ടിൽ കടലാക്രമണം തടയുന്നതിനുള്ള ശാശ്വതമായ പരിഹാരം പുലിമുട്ട് സ്ഥാപിക്കുകയാണെന്ന് പ്രസ്താവിച്ചിട്ടുണ്ടോ ;

(ഇ) അതിരൂക്ഷമായ കടലാക്രമണ സാഹചര്യം കണക്കിലെടുത്ത് നിർദ്ദേശിക്ക പ്പെട്ടിട്ടുള്ള പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ) ശിപാർശ ചെയ്തിരുന്നു.

എടവനക്കാട് പഞ്ചായത്തിലെ ചാത്തങ്ങാട് 6 പുലിമുട്ടുകൾ ചേർന്ന ഒരു ഗ്രോയിൻ ഫീൽഡ് ഐ.ഐ.റ്റി. ശിപാർശ ചെയ്തതിൽ 2 പുലിമുട്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. നായരമ്പലത്ത് ശിപാർശ ചെയ്ത 6 പുലിമുട്ടുകൾ ചേർന്ന ഒരു ഗ്രോയിൻ ഫീൽഡ് പൂർത്തികരിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ പുലിമുട്ടുകൾ സ്ഥാപിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) കടലാക്രമണം രൂക്ഷമായ പ്രദേശത്തിൽ ഇതിനെ പ്രതിരോധിക്കുന്നതിനു വേണ്ടിയുള്ള നിർമ്മിതികൾ ഏതാണെന്ന് നിർദ്ദേശിക്കുന്നതിനുവേണ്ടി മദ്രാസ് ഐ.ഐ.ടി.യെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിലാണ് കടൽഭിത്തിയോ പുലിമുട്ടുകളോ നിർമ്മിക്കേണ്ടത് എന്ന് തീരുമാനിക്കുന്നത്.

(ഇ) 5.75 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരുന്നു.

## കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ ജലസ്രോതസ്സുകളുടെ സംരക്ഷണം

164 (3598) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകളെ പ്രകൃതിദത്തമായ രീതിയിൽ സംരക്ഷിച്ചു നിർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ പ്രധാന കുളങ്ങളായ ബളാൽ പഞ്ചായത്തിലെ വലിയ പുഞ്ച, കള്ളാർ പഞ്ചായത്തിലെ ചേറ്റ്ക്കല്ല് പൊതുകുളം, മടിക്കൈ പഞ്ചായത്തിലെ കണ്ണോത്ത് വയൽ ചുള്ളിമൂലക്കുളം, കോടോം ബേളൂർ പഞ്ചായത്തിലെ എരുമക്കുളം, അജാനൂർ പഞ്ചായത്തിലെ ചോരിവയൽക്കുളം, കിനാനൂർ കരിന്തളം പഞ്ചായത്തിലെ ചെറുവ എന്നിവ നവീകരിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന്
വിശദീ കരിക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനായി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി.
2. 13-ാം ധനകാര്യ കമ്മീഷൻ വഴിയുള്ള പദ്ധതികൾ
3. സംസ്ഥാനത്തെ ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തിയിട്ടുള്ള പദ്ധതികൾ
4. നബാർഡിന്റെ സഹായത്തോടെയുള്ള കുളങ്ങളുടെ നവീകരണം
5. കേന്ദ്രസർക്കാരിന്റെ ആർ.ആർ.ആർ. പദ്ധതി

(ബി&സി) കുളങ്ങളുടെ നവീകരണത്തിനായി സർക്കാരിൽ ലഭിച്ച ലിസ്റ്റിൽ ഭരണാനുമതി നൽകിയവയും ഉൾപ്പെട്ടിരുന്നതിനാൽ പുതുക്കിയ ലിസ്റ്റ് നൽകുവാൻ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ ലിസ്റ്റ് ലഭ്യമായാലുടൻ പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

165 (3599) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോടശ്ശേരി പഞ്ചായത്തിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?